# എൻ കലാലയം

—കെ. സി. ശങ്കരൻ II U. C.

[“സഹീദിയെ വതൻ കീ രാഹ്” —എന്ന രീതി]

വാഴ്ന്നിടട്ടെന്നാളീക്കലാലയം ജയിപ്പൂതേ
ഓ....ാ....പ്രകൃതി തീർത്താക്കി പ്രശാന്ത സുന്ദരസ്ഥലേ,
[വാഴ്ന്നന്നി.........

അസംസ്കൃതത്വമേലുമീസ്ഥലം സുസംസ്കരിക്കുവാൻ
മുളന്നിടും മുലരിതൻ പ്രശസ്തി കാത്തു നില്പവാൻ,
വാഴ്സ് വീരരെന്നോരും ധരാക്കളിൽ പരത്തുവാൻ,
[വാഴ്ന്നന്നി.........

പുളച്ചു പോകമിപ്പുഴ,
മലച്ചുനോക്കമൊന്നാം.......വാനസ്സിൽ,....
മഞ്ഞിമിന്നിടുന്ന താരകാഗണങ്ങളെ....

സമത്വമേകി സൌഹൃദം പൊഴിച്ചു ശാന്തിയാർന്നഹോ
വാഴ്ന്നന്നിട്ടെന്നൊരെൻ കലാലയം ജയിപ്പൂതേ!

# കർഷകൻ

—പി. ശങ്കരൻ IV U. C.

ജീവിതപ്പൂന്തോപ്പിലെപ്പുഷ്പത്തിൻമധുവിന്റെ
മാധുര്യം നുകരാതെയാരാനുമിന്നുണ്ടെങ്കിൽ
കാലികരാം പിന്നാലെയസ്സുപ്രഭാതത്തിൽ മന്ദം
പാടത്തെ നോക്കിപ്പോകും
കർഷകനൊരാൾമാത്രം.

എല്ലിലും തൊലിയിലുമാത്മാവു കിടന്നേയ്ക്കാ-
മല്ലാതെ, മറെറല്ല ഞൊന്നവനെ കണ്ടാലോളം,
കാണെങ്കിലറച്ചേക്കാം, കർഷകൻ വിരൂപനാം
കാമ്യമായൊന്നുംകാണാനവനിൽ ശേഷിപ്പില്ലാ
എന്നാലുമിന്നാട്ടിന്റെയായിരമാത്മാക്കളെ-
യൊന്നിച്ചു തീററിപ്പോററാനവനേ കഴിവുള്ളു.

എന്നുമൊരലംഭാവം തിങ്ങുമാമിഴികളു-
മെന്നുമേയാനന്ദത്തിൽ തുടിക്കും ഹൃദയവും
കറയററതാമാത്മവിശ്വാസം തുളുമ്പിയും
കന്ദിവാനെന്റെഴന്നോരകർഷകൻ മറന്നാനല്ലേ?

കർഷക ഭവാനിത്ര ത്യാഗിയായിരുന്നിട്ടു
മുല്ലഷമില്ലാതെന്നും കണ്ണീരിൽ മുങ്ങാൻ മാത്രം
എന്തൊരു പാപംചെയ്തു—അല്ലെങ്കിലന്യർക്കായി
ച്ചിന്തിക്കാൻ തുനിയുന്നോർക്കല്ലേലാണെന്നും
പാരിൽ

വിഭവോന്നതിയ്ക്കായി രക്തത്തെ വിയർപ്പാക്കും—
വിബുധൻ ഭവാനെന്നും പട്ടിണി കിടക്കുന്നു.
നിറയെജ്ജലംതിങ്ങുമാഴിയിൽ ദാഹംതീർപ്പാൻ
വലയും മനുഷ്യന്നൊരിററു വെള്ളവും കിട്ടാ.

പതറാതല്ലൽപൂകാതാഴാതെ, നൈരാശ്യത്തിൽ
പ്പതിതൻഭവാൻ നോക്കൂ ദൂരെയായാകാശത്തിൽ
പുതുതാമുന്മേഷത്തോടങ്ങേയ്ക്കായുദിച്ചെത്തും
പുതുഭാഗ്യത്തിൻ സൂര്യൻ പുഞ്ചിരി തൂകീടുന്നു.

# 'പൊൻതളിക'

—വിദ്വാൻ, ടി. സി. മമ്മി.

[മഞ്ജരി]

നിസ്വാർത്ഥ സേവനപ്പാവനത്തേനെഴു–
മാസ്വാദ്യ വിജ്ഞാനപ്പൊൻ കലിക;
കണ്ണിന്നമൃതേകി നില്ക്കുന്ന 'ഫാറൂഖാം'
പുണ്യ'കലാലയ'—'പ്പൊൻതളിക'!!

തൂമകലർന്ന സരിൽ വെൺകസവിട്ട–
കോമളപ്പച്ചനെൽപ്പട്ട് ചുറ്റം;
പൂമണവാഹകരൊട്ടു ചുളിക്കവെ;
പ്രേമപ്രകൃതി വിരിച്ചു നന്നായ്.

ഭൂതകാലത്തിൻ ചരിത്ര സ്മരണതൻ
ചേതോഹരത്തുണ്ടമെന്നപോലെ;
കാണുമീ 'മേട'യാം പീഠപ്പട്ടിന്റെ
ചേണറ്റ മദ്ധ്യത്തിൽ വെച്ചു ദൈവം.

ലോകത്തിൽ ശാന്തിതൻ ബീജമാം 'പാവന-
സംസ്കാരം' കേരളപ്പൂവാടിയിൽ;
ഒട്ടു തഴച്ചു,ല്ലം വാടിയുമാടിയും
പാടെയൊന്നാകെയുലഞ്ഞീടവെ;

ക്ഷാന്ത സമുദായം വിജ്ഞാന ദാഹത്താൽ
താന്തരായ്ത്തീർന്നു കാങ്ക്ഷയാലെ;
ദൈവാനുഗ്രഹനിദർശനമായൊരി–
ബ്ഭാവുക തേജസ്സീ'ക്കുന്നി'ൽ കാണ്മൂ!!

ത്യാഗത്താൽ കാലയവനിക നീക്കവെ
ഭാഗ്യത്തിൻ പുഞ്ചിരിപ്പൊൻവെളിച്ചം;
കണ്ണിന്നമൃതേകി നില്ക്കുന്ന 'ഫാറൂഖാം'–
പുണ്യകലാലയ 'പ്പൊൻതളിക'.

ഇ'പ്പൊൻതളിക'യിൽ വിജ്ഞാനപ്പൂമധു–
വെപ്പോഴുമാക്കും നുകർന്നിടുവാൻ;
ത്യാഗമേ! നീ ചെയ്ത സേവനം—ദൈവത്തി–
നർപ്പിച്ചു ദിവ്യോപഹാരമന്ത്രം.